**വ്യക്തിപരമായ വിശദീകരണം**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട തവനൂർ അംഗം ഡോ. കെ. ടി. ജലീൽ പ്രസംഗിക്കുമ്പോൾ ഞാൻ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പറഞ്ഞു എന്നാരോപിച്ച് എന്നെ ആക്ഷേപിച്ചിരിക്കുകയാണ്. രാമക്ഷേത്രം ഹൈന്ദവ വികാരമാണെന്ന് ഞാൻ പ്രസംഗിച്ചുവെന്നാണ് അദ്ദേഹം കളവായി പറഞ്ഞത്. ഇപ്പോൾ അയോദ്ധ്യയിലുയർന്ന ക്ഷേത്രം ഹൈന്ദവ വികാരമാണെന്ന അഭിപ്രായമെനിക്കില്ല; ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ മതവിശ്വാസികൾക്കുമില്ല. അതൊരു രാഷ്ട്രീയ അജണ്ടയാണ്. സത്യത്തിൽ ഇന്നലെ നിലമ്പൂർ അംഗം ശ്രീ. പി. വി. അൻവർ പ്രസംഗിക്കുമ്പോൾ ഞങ്ങളുടെ നേതാവ് ശ്രീ. സാദിഖ് അലി ഷിഹാബ് തങ്ങളെക്കുറിച്ചുപറഞ്ഞ ചില കാര്യങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുക മാത്രമാണ് ചെയ്തത്. അതിൽ ബാബറി മസ്ജിദ് തകർത്തതിലുള്ള വേദന കൃത്യമായി പ്രകടിപ്പിച്ചിട്ടുമുണ്ട്. ഇവിടെയുള്ള പ്രശ്നം, ഡോ. കെ. ടി. ജലീലിന് അപ്പുറത്ത് പ്രസക്തി കുറയുമ്പോൾ ലീഗിനെയൊന്ന് വിമർശിക്കണം. അത് അങ്ങ് മനസ്സിലാക്കണം. അതിനുവേണ്ടിയുള്ള വിമർശനം മാത്രമാണിത്. അതിന് ഇത്രയും മോശമായ മാർഗ്ഗങ്ങൾ ഉപയോഗിക്കരുത്, ഈ നിയമസഭയെ അതിന് ഉപയോഗിക്കരുത്. അത്

സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: രേഖകൾ പരിശോധിച്ച് ആവശ്യമായ കാര്യങ്ങൾ തീരുമാനിക്കാം.+

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.2811/ഇ.ബി./2024/നി.സെ. തീയതി 14/02/2024) സഭാരേഖയിൽ നിലനിർത്തി.